പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7535      14.07.2014- ൽ മറുപടിക്ക്

<u>സാമൂഹ്യക്ഷേമ പെൻഷനുകളുടെ വരുമാനപരിധി</u>

ചോദ്യം

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യക്ഷേമ പെൻഷനുകളുടെ വരുമാനപരിധി 3 ലക്ഷമാക്കി കൊണ്ട് സർക്കാർ ഉത്തരവ് ഇറക്കി യിരുന്നോ; എങ്കിൽ എന്നാണ് ഉത്തരവ് ഇറക്കിയതെന്ന് വ്യക്ത മാക്കുമോ; | (എ) | സാമൂഹ്യനീതി വകുപ്പ വഴി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന സാമൂഹ്യക്ഷേമ പെൻഷനുകൾ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ, അഗതി/വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയാണ്. ടി പെൻഷനുകളിൽ വാർദ്ധക്യകാല പെൻഷൻ, അഗതി/വിധവാ പെൻ ഷൻ ഇവയുടെ അർഹതയ്ക്കുള്ള കുടുംബ വാർഷിക വരുമാനപരിധി 3 ലക്ഷം രൂപയായി നിശ്ചയിച്ച് 20.07.2013 ലെ സ.ഉ.(എം.എസ്) നം. 59/13/ സാനീവ പ്രകാരം ഉത്തരവ് പുറപ്പെടുവിപ്പിച്ചിരുന്നു. |
| (ബി) | ഈ ഉത്തരവ് അനുസരിച്ച് എത്ര പേർക്ക് പുതിയതായി പെൻഷൻ അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യ മാക്കുമോ; | (ബി) | വിവരം ശേഖരിച്ച ലഭ്യമാക്കുന്നതാണ്. |
| (സി) | പ്രസ്തുത ഉത്തരവ് പിൻവലിച്ച കൊണ്ട് വരുമാനപരിധി ഒരു ലക്ഷമാക്കിക്കൊണ്ട് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ ഈ ഉത്തരവ് ഇറക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ? | (സി) | സ.ഉ.(എം.എസ്)നം. 59/13/സാനീവ ഉത്തരവ് ഭേദഗതി ചെയ്ത് എല്ലാ സാമൂഹ്യക്ഷേമ പെൻഷനുകളുടെയും അർഹതയ്ക്കുള്ള കുടുംബവാർഷിക വരുമാനപരിധി 1 ലക്ഷം രൂപയായി ഏകീകരിച്ച് 20.06.2014 ന് സ.ഉ. (എം.എസ്)നം. 52/14/സാനീവ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സമൂഹ ത്തിലെ ദുരിതമനുഭവിക്കുന്നവരും |

| | | | |
|---|---|---|---|
| | | | അശരണരുമായവരെ ലക്ഷ്യമാക്കിയാണ് സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. വരുമാനപരിധി 3 ലക്ഷം രൂപയായി ഉയർത്തിയപ്പോൾ 25000/- രൂപ വരെ പ്രതിമാസ വരുമാനമുള്ള സർക്കാർ ജീവനക്കാരുടെ കുടുംബാംഗങ്ങൾ, സർവ്വീസ് പെൻഷണർ, കൃത്യമായ വരുമാനം കണക്കാക്കാനാകാത്ത ഗൾഫുകാർ, കച്ചവടക്കാർ എന്നിവർ ടി പെൻഷൻ പദ്ധതിയുടെ ഗുണഭോക്താക്കളാകാനും പെൻഷൻ പദ്ധതിയുടെ ലക്ഷ്യം തന്നെ മാറിപ്പോകാനുമുള്ള സാധ്യത ഉണ്ടെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ